**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1050** **14-10-2026-ൽ മറുപടിയ്ക്ക്**

**ചെല്ലാനം ഫിഷിംഗ് ഹാർബർ നവീകരണവും തീരദേശ റോഡുകളുടെ പുനരുദ്ധാരണവും**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. മുഹമ്മദ് ഷിയാസ് ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ

(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള റോഡുകൾ ഏതെല്ലാമാണ്; അവയുടെ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; അവ എപ്പോൾ പൂർത്തീകരിക്കാനാണ് സമയപരിധി നിശ്ചയിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

**മറുപടി:** തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിലുൾപ്പെടുത്തി കൊച്ചി നിയോജകമണ്ഡലത്തിൽ 2021 മുതൽ നാളിതുവരെ 7 റോഡു പ്രവൃത്തികൾക്ക് 577.2 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(ബി)** ചെല്ലാനം ഫിഷിംഗ് ഹാർബറിൽ നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് XXVII പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന ഓവർഹെഡ് വാട്ടർ ടാങ്കിന്റെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണ്; ഇതിന്റെ പ്രവൃത്തി പൂർത്തിയാക്കി ശുദ്ധജല വിതരണം എപ്പോൾ ആരംഭിക്കാൻ സാധിക്കും; വിശദമാക്കാമോ;

**മറുപടി:** നബാർഡ് RIDF 27 പദ്ധതിയിൽ ഉൾപ്പെട്ട ഓവർ ഹെഡ് വാട്ടർ ടാങ്കിന്റെ പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. ശുദ്ധജലം വിതരണത്തിനായി ബോർവെൽ സ്ഥാപിക്കുന്നതിനായി ഭൂഗർഭ ജല വകുപ്പ് (Ground water department)-നെ സമീപിച്ചിരുന്നുവെങ്കിലും CRZ Regulation കാരണം ആയത് ചെയ്യിയ്ക്കുവാൻ സാധ്യമല്ലെന്ന് വകുപ്പിൽ നിന്നും അറിയിച്ചിട്ടുള്ളതാണ്. Filter Point കൾ സ്ഥാപിച്ച് ജലലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. കൂടാതെ Water Authority connection ലഭ്യമാക്കി കുടിവെള്ളം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**(സി)** പ്രസ്തുത ഹാർബറിൽ നിലവിലുള്ള രണ്ട് ശൗചാലയ ബ്ലോക്കുകൾ അടിയന്തരമായി അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കാൻ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; അതോടൊപ്പം ആധുനിക നിലവാരത്തിലുള്ള പുതിയ ശൗചാലയ സമുച്ചയം നിർമ്മിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പ്രൊപ്പോസൽ തയ്യാറാക്കുകയോ സ്ഥലം സന്ദർശിച്ച് പരിശോധന നടത്തുകയോ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** ചെല്ലാനം ഫിഷിംഗ് ഹാർബറിലെ നോർത്ത് ടോയ്‌ലെറ്റ് ബ്ലോക്ക് നിർമ്മാണത്തിന്റെ സെക്യൂരിറ്റി പീരിയിഡ് കഴിയാത്തതിനാൽ ആയതിന്റെ കേടുപാടുകൾ പരിഹരിക്കുവാൻ കരാറുകാരന്

നിർദ്ദേശം നൽകിയിട്ടുണ്ട്. സൗത്ത് ബ്ലോക്കിന്റെ പ്രവൃത്തിയ്ക്കായി ഫണ്ട് അനുവദിക്കുകയും ആയതിലുൾപ്പെടുത്തി ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിക്കുകയും അറ്റകുറ്റ പണികൾക്കായി ടെണ്ടർ നടപടി അടിയന്തിരമായി സ്വീകരിക്കുന്നതാണ്. ആധുനികനിലവാരത്തിലുള്ള പുതിയ ശൗചാലയം നിർമ്മിയ്ക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടില്ല.

**(ഡി)** റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ചെല്ലാനം ഫിഷിംഗ് ഹാർബർ നവീകരണത്തിനായി തത്വത്തിൽ അനുമതി നൽകിയ 71 കോടി രൂപയുടെ പദ്ധതിയുടെ നിലവിലെ പുരോഗതി എന്താണ്; പ്രസ്തുത പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ടോയെന്നും നിർമ്മാണപ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ തെക്കേ പുലിമുട്ടിന്റെ നീളം കൂട്ടുന്നതിന് 71 കോടി രൂപയുടെ പദ്ധതി രൂപരേഖ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയിരുന്നെങ്കിലും ഫ്ലൂം സ്റ്റഡി പൂർത്തീകരിക്കാത്തതിനാൽ അനുമതി ലഭ്യമായില്ല. ഫ്ലൂം സ്റ്റഡി പൂർത്തീകരിക്കുന്ന മുറയ്ക്ക് പദ്ധതി രൂപരേഖ തയ്യാറാക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

**2021-2022**

| **ക്രമ നം.** | **റോഡിന്റെ പേര്** | **ഭരണാനുമതി തുക ലക്ഷത്തിൽ** | **നിലവിലെ അവസ്ഥ** |
|---|---|---|---|
| 1 | ചെല്ലാനം ഫിഷിംഗ് ഹാർബർ - External Road, Drain and Internal Road to south & North Breakwaters | 96 | പ്രവൃത്തി പൂർത്തീകരിച്ചു. |
| | | **2022-23** | |
| 2 | കണ്ടകടവ് ജംഗ്ഷൻ - പുത്തൻതോട് റീത്താലയം പാലം, വാർഡ് 11 & 21 | 172.3 | പ്രവൃത്തി പൂർത്തീകരിച്ചു. |
| | | **2023-24** | |
| | | | |
| 3 | ബൈ ലെയ്ൻ റോഡ് - കോൺവെന്റ് റോഡ് സമീപം - വാർഡ് 2 | 58.2 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 4 | മുരുക്കുംതറ റോഡ് - വാർഡ് 9, കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് | 48.3 | പ്രവൃത്തി പുരോഗമിച്ചു വരുന്നു. 15/05/2027 -ൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. |
| | | **2024-25** | |
| 5 | കുളത്തറ തോന്നിത്തോട് റോഡ് | 50.4 | പ്രവൃത്തി പുരോഗമിക്കുന്നു. 12/10/2026 തീയതിയിൽ പ്രവൃത്തി പൂർത്തിയാകുന്നതാണ്. |
| 6 | കുളത്തറ കൊച്ചുചിറ റോഡ് | 45.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| | | **2025-26** | |
| 7 | ഗോണ്ടുപറമ്പ് മുതുകുപുറം റോഡ് | 107.00 | പ്രവൃത്തി പുരോഗമിക്കുന്നു.15-03-2027 തീയതിയിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. |